**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1061** **18-09-2025 - ൽ മറുപടിയ്ക്ക്**

**കൊമ്പുകുത്തിയിലെ കാട്ടാന ആക്രമണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തിയിലെ രൂക്ഷമായ കാട്ടാന ആക്രമണം പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമ പഞ്ചായത്തിലെ കൊമ്പുകുത്തിയിലെ കാട്ടാന പ്രശ്നം പരിഹരിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ടങ്കയം മുതൽ മതമ്പവരെ 14 കി.മീ. ദൂരത്തിൽ 160.98 ലക്ഷം രൂപ ചെലവിൽ സൗരോർജ്ജ തൂക്കുവേലി നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. നിലവിൽ ഏഴ് കിലോമീറ്റർ ദൂരം സൗരോർജ്ജ തൂക്കുവേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊമ്പുകുത്തി ഉന്നതിക്ക് ചുറ്റും ഒരു കിലോമീറ്റർ ദൂരത്തിൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 22.50 ലക്ഷം രൂപ ചെലവിൽ ആനപ്രതിരോധ കിടങ്ങ് നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | കൊമ്പുകുത്തി, മതമ്പ, ചെന്നാപ്പാറ മേഖലകളിൽ വിഹരിക്കുന്ന കാട്ടാനക്കൂട്ടത്തെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വണ്ടൻപതാൽ ആർ.ആർ.ടി. യൂണിറ്റും മുറിഞ്ഞപുഴ, വണ്ടൻപതാൽ ഫോറസ്റ്റ് സ്റ്റേഷൻ ജീവനക്കാരും ചേർന്ന് കൊമ്പുകുത്തി, മതമ്പ, ചെന്നാപ്പാറ മേഖലകളിൽ കാണപ്പെടുന്ന കാട്ടാനക്കൂട്ടത്തെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നുണ്ട്. |
| (സി) | കൊമ്പുകുത്തിയിൽ രണ്ടാളുകളെ കൊല്ലുകയും, വീടുകളിലെത്തി ആക്രമണം നടത്തുകയും ചെയ്യുന്ന ഒറ്റയാനായ കൊമ്പുകുത്തി കൊമ്പനെ മയക്കുവെടി വെച്ച് പിടികൂടി അരിക്കൊമ്പനെ മാറ്റിയത് പോലെ വിദൂര വനങ്ങളിൽ എവിടേക്കെങ്കിലും കയറ്റിവിട്ട് ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കൊമ്പുകുത്തിയിൽ മനുഷ്യ-വന്യജീവി സംഘർഷത്തിൽ ഏർപ്പെടുന്ന കാട്ടാനകളെ ഉൾക്കാട്ടിലേക്ക് കയറ്റി വിടുന്നതിന് വണ്ടൻപതാൽ ആർ.ആർ.ടി. യൂണിറ്റും എരുമേലി റെയിഞ്ചിലെ മറ്റ് ജീവനക്കാരും പ്രത്യേക ദൗത്യം നടത്തിവരുന്നുണ്ട്. ഈ വിഷയത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ആവശ്യമായ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ